മുതൽ ആരംഭിച്ചിട്ടുണ്ട്. കേരള സ്പോർട്സ് കൗൺസിൽ, ജില്ലാ അക്വാട്ടിക് അസോസിയേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ കഴിഞ്ഞ മധ്യവേനലവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുകയുണ്ടായി. ഈ പദ്ധതി തുടർന്നുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇതിനായി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

'പഞ്ചായത്ത് യുവക്രീഡാ ഔർ ഖേൽ അഭിയാൻ പദ്ധതി'

254 (1982) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് യുവക്രീഡാ ഔർ ഖേൽ അഭിയാൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ വർഷം എത്ര ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര തുക ഇതിനകം വിനിയോഗിച്ചിട്ടുണ്ടെന്നും, പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിനും എത്ര ലക്ഷം രൂപ വീതം ലഭിക്കുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2008-09-ൽ 100 ഗ്രാമപഞ്ചായത്തുകളിലും 14 ബ്ലോക്ക് പഞ്ചായത്തുകളിലും 'പൈക്ക' പദ്ധതി നടപ്പിലാക്കി. 2009-10-ൽ പുതിയ 100 ഗ്രാമ പഞ്ചായത്തുകളിലേക്കും 15 ബ്ലോക്ക് പഞ്ചായത്തുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. 2010-11-ൽ പുതിയ പഞ്ചായത്ത് സമിതികൾ നിലവിൽ വന്ന സാഹചര്യത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പുതിയ 100 ഗ്രാമപഞ്ചായത്തുകളും, 14 ബ്ലോക്ക് പഞ്ചായത്തുകളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള നിർദ്ദേശം തയ്യാറാക്കിവരുന്നു.

(ബി) ഇതു സംബന്ധിച്ച കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ ക്രോഡീകരിച്ചു തയ്യാറാക്കിയ കൈപ്പുസ്തകത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.*

(സി) കേന്ദ്ര മാർഗ്ഗ നിർദ്ദേശാനുസരണം 100 ഗ്രാമപഞ്ചായത്തുകളിലേക്കും 14 ബ്ലോക്ക് പഞ്ചായത്തുകളിലേക്കും കൂടി പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൈക്ക നടത്തിപ്പിന് കേന്ദ്ര/സംസ്ഥാന വിഹിതമായി ഇതുവരെ ലഭിച്ച തുക സംബന്ധിച്ച കണക്ക് ചുവടെ ചേർത്തിരിക്കുന്നു :

1. ഒറ്റത്തവണ സീഡ് ക്യാപ്പിറ്റൽ ഗ്രാന്റ്

കേന്ദ്രവിഹിതം(75%)-1175.90 ലക്ഷം രൂപ

സംസ്ഥാന വിഹിതം (25%)-389.40 ലക്ഷം രൂപ

ആകെ -1565.30 ലക്ഷം രൂപ.

2. ആനുവൽ അകിസിഷൻ ഗ്രാന്റ് (100% കേന്ദ്രം)-46.00 ലക്ഷം

3. ആനുവൽ ഓപ്പറേഷണൽ ഗ്രാന്റ് (100% കേന്ദ്രം)- 55.20 ലക്ഷം.

സ്വീകാര്യമായ പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിച്ച ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് അർഹമായ ഗ്രാന്റ് വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളായ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലെ താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തിയത് പുനഃപരിശോധിക്കാൻ നടപടി

255 (1983) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ജൂൺ 12-ന് ഉത്തരവിറക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേരെ സ്പോർട്ട്സ് കൗൺസിലിൽ നിയമിച്ചു ; അവരുടെ തസ്തികയും പേരും വെളിപ്പെടുത്തുമോ ;

(സി) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ഉത്തരവിറക്കിയിട്ടും താൽകാലികജീവനക്കാരെയും കരാറുകാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ അവ പുനഃപരിശോധിക്കുന്നതിനും നിയമനം പി.എസ്.സി. മുഖേനയാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിന്റെ ഭാഗമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫംഗ്ഷൻസ് ആസ് റെസ്പെക്ട്സ് സ്പോർട്സ് കൗൺസിൽസ്) ഓർഡിനൻസ് 2010 പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly